# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 708    03.12.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആശാ വർക്കർമാരുടെ ചുമതലകൾ

**ചോദ്യം**

ശ്രീ. എ. എ. അസീസ് :

(എ) ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ആശാ വർക്കർമാരാണ് പ്രവർത്തിക്കുന്നതെന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ആശാവർക്കർമാരുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ 28,268 ആശപ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ജില്ല | ആശമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2916 |
| കൊല്ലം | 2251 |
| പത്തനംതിട്ട | 1183 |
| ആലപ്പുഴ | 2222 |
| കോട്ടയം | 1719 |
| ഇടുക്കി | 1092 |
| എറണാകുളം | 2283 |
| തൃശ്ശൂർ | 2777 |
| പാലക്കാട് | 2565 |
| മലപ്പുറം | 3580 |
| കോഴിക്കോട് | 1982 |
| വയനാട് | 715 |
| കണ്ണൂർ | 1992 |
| കാസർഗോഡ് | 991 |
| **ആകെ** | **28268** |

(ബി) ആശാവർക്കർമാരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.

സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജന വിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവന

(....2)

ങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

- സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
- ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.
  - * ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക.
  - * ഗർഭകാലശുശ്രൂഷയും, ടി.ടി (IFA) എന്നിവയും ലഭ്യമാക്കുക.
  - * ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക.
  - * കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.
- പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.
- പകർച്ചവ്യാധി നിയന്ത്രണം, കൊതുക് നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
- നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

സെക്ഷൻ ഓഫീസർ